## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 815 28.02.2018 ൽ മറുപടിക്ക്

### ചേർത്തല കെ.വി.എം. ആശുപത്രി ജീവനക്കാർ നടത്തുന്ന സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല കെ.വി.എം. ആശുപത്രി ജീവനക്കാർ നടത്തുന്ന സമരം ആഴ്ചകൾ പിന്നിട്ടിട്ടും ഒത്ത് തീർപ്പാക്കുവാൻ തൊഴിൽ വകുപ്പ് കാര്യമായ ഇടപെടൽ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (എ) ചേർത്തല കെ.വി.എം. ആശുപത്രിയിൽ ആഴ്ചകളായി നടക്കുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനായി ഇതിനകം തന്നെ സർക്കാരിന്റെ വിവിധ തലങ്ങളിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ തലത്തിലും, ലേബർ കമ്മീഷണർ തലത്തിലും, ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി, ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിലും മാനേജ്മെന്റും തൊഴിലാളി യൂണിയൻ നേതാക്കളുമായും നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. |
| (ബി) പ്രസ്തുത സമരം ഒത്ത് തീർപ്പാക്കണമെന്ന് ആവശ്യപ്പെട്ട് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ സമരം ശക്തമാക്കിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുമോ; | (ബി) പ്രശ്നപരിഹാരത്തിന് സർക്കാരിന്റെ ഭാഗത്തു നിന്നും ആവശ്യമായ പക്ഷം നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. |
| (സി) ആശുപത്രികളെ വ്യവസായ തർക്ക നിയമത്തിന് കീഴിൽ പൊതു ഉപയോഗ സ്ഥാപനമായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ | (സി) ഇല്ല |
| (ഡി) ഇക്കാര്യം സംബന്ധിച്ച് കേരള ഹൈക്കോടതി വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ നല്കിയ വിശദീകരണം എന്താണ്; വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. ഈ വിഷയത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എന്ന വിവരം ബഹു. കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ